8362

# പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

(ജീവൻ ബാബു.കെ. ഐ.എ.എസ്)

വിഷയം:- പൊതു വിദ്യാഭ്യാസം- വിദ്യാർത്ഥികൾക്ക് പരിരക്ഷ നൽകുന്നതിനുവേണ്ടി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്ഥിതി ചെയ്യുന്ന കിണറുകൾക്ക് ചുറ്റുചുമർ സ്ഥാപിച്ച് അപകടരഹിതമാക്കണമെന്നും, കിണറുകൾക്ക് മുകളിൽ ഉറപ്പുള്ള കമ്പി വലകെട്ടി സുരക്ഷിതമാക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവാകുന്നത്-സംബന്ധിച്ച്

പരാമർശം:- 1) ബഹുമാനപ്പെട്ട കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 14-11-019 തീയതിയിലെ CRMP-7869/10/C2/2019/ KeSCPCR നമ്പരായ ഉത്തരവ്

2) സർക്കാരിന്റെ എം1/281/2019/പൊ.വി.വ. നമ്പരായ 18/12/2019 തീയതിയിലെ സർക്കുലർ

**ഉത്തരവ് നം.ആർഒആർ(1)/41974/2019/ഡി.ജി.ഇ തീയതി: 24/12/2019**

സംസ്ഥാനത്തെ ചില സ്കൂളുകളിൽ ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സന്ദർശനം നടത്തിയ വേളയിൽ കിണറുകൾ സ്ഥിതി ചെയ്യുന്നത് അപകടാവസ്ഥയിലാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്ഥിതിചെയ്യുന്ന കിണറുകൾക്ക് ചുറ്റുചുമർ സ്ഥാപിച്ച് അപകടരഹിതമാക്കണമെന്നും, കിണറുകളുടെ മുകൾ ഭാഗത്ത് മതിയായ ഉറപ്പുള്ള കമ്പിവല കെട്ടി സുരക്ഷിതമാക്കണമെന്നും പരാമർശങ്ങൾ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, (ഹയർ സെക്കണ്ടറി വിഭാഗം), അസിസ്റ്റന്റ് ഡയറക്ടർമാർ (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം) എന്നിവർ മേൽ നോട്ടം വഹിച്ച് തങ്ങളുടെ അധികാര പരിധിയിലുള്ള മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതരാലും, എയ്ഡഡ്-അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ ബന്ധപ്പെട്ട മാനേജ്മെന്റുകളാലും 2020 ജനുവരി മാസം 31-ാം തീയതിക്കുള്ളിൽ നിലവിലെ കിണറുകൾ ചുറ്റുചുവർ സ്ഥാപിച്ച് അപകടരഹിതമാക്കണമെന്നും, കിണറുകൾക്ക് മുകളിൽ ഉറപ്പുള്ള കമ്പിവല കെട്ടി സുരക്ഷിതമാക്കണമെന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

2020 ജനുവരി മാസം 31-ാം തീയതിക്കുശേഷം മേൽ ഉത്തരവ് പ്രകാരം സുരക്ഷിതമാക്കാത്ത ഒരു കിണർപോലും സംസ്ഥാനത്തെ ഒരു വിദ്യാലയങ്ങളിലും നിലവിലില്ലായെന്ന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും ആയത് അവർ ഫെബ്രുവരി മാസം 5-ാം തീയതി 4 മണിക്ക് മുമ്പായി supdtrr.dge@kerala.gov.in എന്ന ഇ-മെയിൽ മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:-

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി. മാർക്കും (ഹയർസെക്കന്ററി വിഭാഗം)
3. എല്ലാ എ.ഡി.മാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. അതാത് റവന്യൂ ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)
7. എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും } (ആർ.ഡി.ഡി.മാർ മുഖേന)
8. എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും } (എ.ഡി.ഡി.മാർ മുഖേന)
9. എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)
10. എല്ലാ എൽ.പി. യു.പി. പ്രഥമാദ്ധ്യാപകർക്കും (എഇഒ മുഖേന)
11. എല്ലാ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
12. കരുതൽ ഫയൽ.

എ. -8362/19 എൽ.ഡിസ് തീയതി 1/1/2020.

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു. എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകർ മാനേജർമാർക്ക് നൽകി നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തി സ്വീകർത്താവ് 4/1/20 നകം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എല്ലാ പ്രധാന അദ്ധ്യാപകർക്കും

(ഒപ്പ്) 14/1/2020